**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1552** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>പ്രതിഭാധനരായ വിദ്യാർത്ഥികളുടെ കഴിവുകൾ പ്രയോജനപ്പെടുത്തുന്നതിന് നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ദീപക് ജോയ്

ശ്രീ. റോജി എം. ജോൺ
(ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

**(എ)** ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളിൽ പഠിക്കുന്ന പ്രതിഭാധനരായ വിദ്യാർത്ഥികളുടെ കഴിവുകളും നൂതന ആശയങ്ങളും ഗവേഷണ മികവും സംസ്ഥാനത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ വികസനത്തിനും തൊഴിൽസാധ്യതകൾ സൃഷ്ടിക്കുന്നതിനുമായി പ്രയോജനപ്പെടുത്തുന്നതിന് എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സർക്കാർ/എയ്ഡഡ് കോളേജുകളിലെ വിദ്യാർത്ഥികളുടെ പ്രൊജക്ടുകളെയും നവീന ആശയങ്ങളെയും പ്രോത്സാഹിപ്പിക്കുന്ന 'One College One Innovation' പദ്ധതി നടപ്പിലാക്കുന്നുണ്ട്.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ എൻജിനീയറിങ്/പോളിടെക്നിക്ക് വിദ്യാർത്ഥികളെ ഇന്നൊവേഷൻ സമൂഹമായി വളർത്തുന്നതിന് 'Entrepreneurship & Startups' പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പഠനത്തോടൊപ്പം തൊഴിൽപരിചയവും വരുമാനവും ലഭ്യമാക്കുന്ന Industry on Campus (Earn and Learn) പദ്ധതി വ്യാപിപ്പിച്ചുവരുന്നു.

ഐ.എച്ച്.ആർ.ഡി മുഖേന യങ്ങ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം (YIP), കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹകരണത്തോടെ ഇന്നൊവേഷൻ ആൻഡ് എൻറർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ (IEDC), പ്രൊഡക്ഷൻ ആൻഡ് മെയിൻ്റനൻസ് സെന്ററുകൾ എന്നിവ പ്രവർത്തിക്കുന്നുണ്ട്.

എൽ.ബി.എസ് സെൻ്ററിന് കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് പേറ്റന്റുകൾക്കും സ്റ്റാർട്ടപ്പുകൾക്കും ആവശ്യമായ പിന്തുണ നൽകുന്നു. നാല് വർഷ ബിരുദ പരിപാടിയുടെ (FYUGP) ഭാഗമായി സ്കിൽ കോഴ്സുകളും, സെൻ്റർ ഫോർ സ്കിൽ ഡെവലപ്മെന്റ് കോഴ്സസ് & കരിയർ പ്ലാനിംഗ് സെൻ്ററുകളും (CSDCCP) വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ വിദ്യാർത്ഥികളെ തൊഴിൽദാതാക്കളാക്കി മാറ്റുന്നതിനായി സംസ്ഥാനതല Apprenticeship Exchange Platform, Job Watch Tower (JWT), നവീകരണങ്ങൾ ഏകോപിപ്പിക്കുന്നതിനായുള്ള Global Knowledge Exchange Park (KEP), Faculty/Student-led Startups, Section 8 Companies എന്നിവയും സർക്കാർ വിഭാവനം ചെയ്തിട്ടുണ്ട്.

**(ബി)** ഇത് സംബന്ധിച്ച പദ്ധതി നിലവിലുണ്ടെങ്കിൽ പ്രസ്തുത പദ്ധതികളിലൂടെ കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

**<u>മറുപടി:</u>** ഈ പദ്ധതികളിലൂടെ മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

* 'One College One Innovation' പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 53 കോളേജുകളുടെ പ്രൊപ്പോസലുകൾ തെരഞ്ഞെടുത്ത് അംഗീകാരം നൽകി പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്.

* സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നിലവിൽ 46 ടെക്നോളജി ഇൻക്യുബേഷൻ സെൻ്ററുകളും, 40 പ്രീ-ഇൻക്യുബേഷൻ യൂണിറ്റുകളും പ്രവർത്തിച്ചു വരുന്നു; ഇതിൽ 50-ലേറെ യൂണിറ്റുകൾ ജസ്റ്റേഷൻ കാലാവധി പൂർത്തിയാക്കിയിട്ടുണ്ട്.

* ഇൻഡസ്ട്രി-ഇൻസ്റ്റിറ്റ്യൂട്ട് പങ്കാളിത്തത്തിൻ്റെ ഭാഗമായി എൻജിനീയറിങ് കോളേജുകൾ 56 കരാറുകളിലും പോളിടെക്നിക്കുകൾ 87 കരാറുകളിലും വ്യവസായ സ്ഥാപനങ്ങളുമായി ഏർപ്പെട്ടിട്ടുണ്ട്.

* എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമെൻ (പൂജപ്പുര)-ലെ വിദ്യാർത്ഥിനികൾ 22 പേറ്റൻ്റുകൾ നേടുകയും 3 വനിതാ സ്റ്റാർട്ടപ്പുകൾ ആരംഭിക്കുകയും ചെയ്തതിനൊപ്പം ഇസ്രോയുടെ (ISRO) സഹായത്തോടെ 'WESAT' എന്ന ഉപഗ്രഹം വിജയകരമായി ബഹിരാകാശത്തേക്ക് വിക്ഷേപിക്കുകയും ചെയ്തു.

* എൽ.ബി.എസ് കോളേജ് ഓഫ് എൻജിനീയറിങ് കാസർഗോഡ് 5 പേറ്റൻ്റുകളും 70 സ്റ്റാർട്ടപ്പുകളും ആരംഭിച്ചിട്ടുണ്ട്.

* ഐ.എച്ച്.ആർ.ഡി-യുടെ 11 കോളേജ് ഓഫ് അപ്ലൈഡ് സയൻസുകളിൽ നൂറുദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് പദ്ധതി വ്യാപിപ്പിച്ചു.

* സി.സി.ഇ.കെ-ക്ക് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി കേരളയിൽ നിന്നും പഠിച്ചിറങ്ങുന്ന വിദ്യാർത്ഥികൾക്ക് 100% പ്ലേസ്മെൻ്റ് നേടാൻ സാധിച്ചിട്ടുണ്ട്.

* ഈ പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ റിസർച്ച് പേപ്പറുകളുടെയും പേറ്റൻ്റുകളുടെയും സ്റ്റാർട്ടപ്പുകളുടെയും എണ്ണത്തിൽ വലിയ വർദ്ധനവുണ്ടായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**